9

# “പൂർണ്ണരാകുവിൻ”, 1

... പരിശുദ്ധനായ ദൈവസന്നിധിയിൽ നില്ക്കുവാൻ ഒരു പാപിക്കും അവകാശമോ കാരണമോ ഇല്ല.
... പരിശുദ്ധനായ ദൈവസന്നിധിയിൽ ചെല്ലുവാൻ ഒരു അപൂർണ്ണനും അനുവാദമില്ല.
... ഞാൻ അപൂർണ്ണനാണ്; അതുകൊ് ഞാൻ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടു.
... എനിക്ക് സ്വയമായി രക്ഷിക്കപ്പെടുവാൻ സാധ്യമല്ല; അതുകൊ് വിശ്വാസത്താൽ ഞാൻ രക്ഷിക്കപ്പെട്ടു.
... ഒരു നിമിഷം പൂർണ്ണനാകുവാൻ എനിക്ക് കഴിയുകയില്ല; ഓരോ ദിവസവും എനിക്ക് വിശ്വസ്തനാകുവാൻ കഴിയും.
... ദൈവം എല്ലാം ക്രൂശിൽ സാഹസപ്പെടുത്തി; നാമെല്ലാം വിശ്വാസത്താൽ സാഹസപ്പെടുത്തുന്നു.

നമുക്ക് സാധ്യമല്ലാത്ത ഒരു കാര്യം “പൂർണ്ണമാകുക” എന്നതാണ്. എന്നിരുന്നാലും, ദൈവം കല്പിച്ചത്, “നിങ്ങളുടെ സ്വർഗീയ പിതാവു സൽഗുണപൂർണ്ണൻ ആകുന്നതുപോലെ, നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ” എന്നാണ് (മത്തായി 5:48). “പൂർണ്ണരാകുവിൻ!” മലമ്പ്രസംഗമാണ് ഇതുവരെ പ്രസംഗിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ പ്രസംഗം (യേശു, മത്തായി 5–7). ജീവിക്കുവാനുള്ള ഏക പ്രായോഗിക വഴിയാണ് മലമ്പ്രസംഗത്തിൽ പ്രസംഗിച്ചിട്ടുള്ളത്. നാം എങ്ങനെ സന്തോഷത്തിൽ ആയിരിക്കണം എന്നു യേശു നമ്മോടു പറഞ്ഞിരിക്കുന്നു; പിന്നെ എങ്ങനെ പ്രവർത്തിക്കണം എന്നും പറഞ്ഞിരിക്കുന്നു. പ്രായോഗികമായ ജീവിത തത്വമാണ് ആളുകൾക്ക് ഇന്ന് അത്യാവശ്യം. നമ്മുടെ ജീവിത ലക്ഷ്യങ്ങളെ പുനർനിർവ്വചിക്കുന്നതാണ് ദിവസേന ദൈവത്തോടുകൂടെയുള്ള നമ്മുടെ നടപ്പ്. ഒരു വ്യക്തി സുവിശേഷം കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു. അയാൾ രക്ഷിക്കപ്പെടുകയും, ക്രിസ്ത്യാനി ആകുകയും, ദൈവത്തിന്റെ സഭയോട് ചേർക്കപ്പെടുകയും ചെയ്യുന്നു. ആ പുതിയ ജനനത്തിൽനിന്നു, അവനിൽ ഈ ചോദ്യങ്ങൾ ഉാകുന്നു: “ഒരു ക്രിസ്ത്യാനി ആകുക എന്നു പറഞ്ഞാ ലെന്താണ്? ഞാൻ ആരായി തീരണം? ഞാൻ എന്താണ് ചെയ്യേത്? പിന്നെ, ഞാൻ, എങ്ങനെ ജീവിക്കും?” ദൈവത്തിന്റെ നിലവാരം താഴ് ത്തുവാനല്ല യേശു വന്നത്: “പൂർണ്ണരാകുവിൻ.” മലമ്പ്രസംഗത്തിലെ മുഖ്യ പ്രസ്താവന “പൂർണ്ണരാകുവിൻ” എന്നതാണ്. ആദ്യത്തെ മനോഗുണങ്ങളും അതിനു ശേഷമുള്ള പ്രവൃത്തികളും ഈ ചിന്തയെ വിപുലമാക്കുന്നതാണ്. നാം അപൂർണ്ണരാണ്. നമുക്ക് സ്വയമായി, യുദ്ധം വിജയിക്കുക അസാധ്യമാണ്. നമുക്ക് ചെയ്യുവാൻ കഴിയാത്തതു ദൈവം ചെയ്തതുകൊ് നാം ചിന്തിക്കുവാൻ ധൈര്യപ്പെടുന്നതിലുമപ്പുറമുള്ളവർ ആകുവാൻ നമുക്കു സാധിക്കുന്നു – ദൈവമുമ്പാകെ *പൂർണ്ണതയുള്ളവർ*! *“എനിക്ക് ദൈവത്തെ പോലെ ആകുവാൻ കഴിയും!” അത്ഭുതകരമായ കൃപ!*

മറ്റുള്ളവരേക്കാൾ താൻ നല്ലവനാണെന്നാണ് പരീശൻ വിചാരിച്ചത്

(ലൂക്കൊസ് 18). ക്രിസ്ത്യാനികൾക്ക് "ദൈവത്തെ പോലെ ആകുവാൻ" ഉള്ള നേട്ടമു്. എന്തൊരു ലക്ഷ്യം! ദൈവത്തെ അനുകരിക്കുവാനാണ് പൗലൊസ് എഫെസ്യരോടു പറഞ്ഞത് (എഫെസ്യർ 5:1). ഞാൻ ദൈവസാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ് (ഉല്പത്തി 1). ദൈവത്തെപോലെ ആകുക എന്നതാണ് എന്റെ ലക്ഷ്യം! "പൂർണ്ണത" എന്ന വാക്കിന്റെ "ശക്തി നഷ്ടപ്പെടുത്താ" തിരിക്കുക. അതെ, അതിന് "പ്രായപൂർത്തിയിലെത്തുക, പക്വതയിലെത്തുക, പൂർണ്ണതയുമായി ബന്ധപ്പെട്ടതു നേടുക" എന്നെല്ലാം അർത്ഥമു്. എങ്ങനെയായാലും, പ്രാസംഗികൻ താൻ സംസാരിക്കുന്ന വാക്ക് നിർവ്വചിക്കേതു്, യേശു പറഞ്ഞു, "*ദൈവത്തെ പോലെ* പൂർണ്ണരാകുവിൻ" (എംഫസിസ് മൈൻ). ദൈവം ദൈവം ആകുന്നു! അവൻ പൂർണ്ണനാണ് – അവൻ വെറും "പ്രായപൂർത്തി" യെത്തിയവനോ "പക്വത" യിലെത്തിയവനോ അല്ല. അവൻ "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" ആണ്. പരിശുദ്ധനായ ദൈവത്തിനു അപൂർണ്ണനായ ഏതൊരു വ്യക്തിയുമായോ വസ്തുവുമായോ ഒരു കാര്യവുമില്ല. ദൈവവുമായി നടക്കുന്നവർ പൂർണ്ണരായിരിക്കണം! മറ്റെന്തിനെയും അപേക്ഷിച്ച് ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തിൽ ശ്രദ്ധയുള്ളവരായിരിക്കുക.

**നമ്മുടെ ലക്ഷ്യം പൂർണ്ണതയാണ്!**

നമ്മിൽ മിക്കപേർക്കും നമ്മുടെ ലക്ഷ്യം എന്തെന്ന് അറിയുകയില്ല. നമ്മുടെ ലക്ഷ്യം പൂർണ്ണതയാണ്. പൂർണ്ണനായ ദൈവം ആവശ്യപ്പെടുന്നത് പൂർണ്ണതയാണ്. പൂർണ്ണത തിരഞ്ഞെടുക്കാവുന്നതോ പ്രാന്തീയമാക്കാവുന്നതോ അല്ല. സ്വർഗത്തിൽ എത്തുക എന്നതല്ല നമ്മുടെ ലക്ഷ്യം; നമ്മുടെ ലക്ഷ്യം സ്വർഗത്തെ നമ്മിലേക്ക് വരുത്തുക എന്നതാണ്. പൂർണ്ണത എല്ലായ്പ്പോഴും ദൈവത്തിന്റെ ലക്ഷ്യമാണ്. ആദാം പരാജയപ്പെട്ടു (ഉല്പത്തി 3). ന്യായപ്രമാണം പൂർണ്ണമാകുന്നതിൽ പരാജയപ്പെട്ടു (എബ്രായർ 7:19; 10:1). പൂർണ്ണതയുള്ള മനുഷ്യനായിരുന്ന, ക്രിസ്തു, പൂർണ്ണതയുള്ള യാഗം അർപ്പിച്ചു (എബ്രായർ 5:9; 10:12, 14). പരിഹാരത്തിനു എബ്രായലേഖകൻ പറയുന്നതു "വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ," "യേശുവിനെ നോക്കുക" എന്നാണ് (എബ്രായർ 12:2). എങ്ങനെ "പൂർണ്ണൻ" ആകണമെന്നു യേശു ധനികനായ, യുവാവിനോടു പറഞ്ഞു (മത്തായി 19:21; കെജെവി). "പൂർണ്ണനാകുക" എന്നതിന്റെ ആശയം, വിവിധരൂപത്തിൽ, മുപ്പതിലധികം പ്രാവശ്യം പുതിയ നിയമത്തിൽ കാണാം. സ്വർഗത്തെ കുറിച്ച് നമ്മെ പ്രബോധിപ്പിക്കുന്നത് ഒരു ഡസനിലധികം പ്രാവശ്യം മാത്രമാണ്. "ഭാഗികമായ ക്രിസ്ത്യാനിത്വം" എന്നൊന്നില്ല. പൂർണ്ണനാകുക എന്നതായിരുന്നു പൗലൊസിന്റെ വാഞ്ഛ (ഫിലിപ്പിയർ 3:12–15). അവൻ എത്തിയില്ല. ക്രിസ്തു യേശുവിൽ ഏതു മനുഷ്യനും തികഞ്ഞവനാകണമെന്നാണ് പൗലൊസ് ആഗ്രഹിച്ചത് (കൊലൊസ്യർ 1:27, 28; കെജെവി). ദൈവമനുഷ്യരെ തികഞ്ഞവരാക്കുന്നതു, തിരുവെഴുത്താണ് (2 തിമൊഥെയൊസ് 3:15–17). സകല സൽപ്രവൃത്തിയിലും നാം തികഞ്ഞവരാകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് (എബ്രായർ 13:21). ''സമ്പൂർണ്ണതയുടെ ബന്ധം'' ആണ് സ്നേഹം (കൊലൊസ്യർ 3:14; കെജെവി). ദൈവവചനം പ്രമാണിക്കുന്നർ ദൈവസ്നേഹത്തെ തികവുള്ളതായി കാണുന്നു (1 യോഹന്നാൻ 2:5). സഹോദരന്മാർ തികവുള്ളവരും പൂർണ്ണനിശ്ചയവുമുള്ളവരാകുവാൻ പൗലൊസ് പ്രാർത്ഥിക്കുന്നു് (കൊലൊസ്യർ 4:12; കെജെവി). അനുസരണമുള്ള പ്രവൃ

ത്തികൾ വിശ്വാസത്തെ പൂർത്തീകരിക്കുന്നു (യാക്കൊബ് 2:22). ഒന്നും ആവശ്യമില്ലാത്തവണ്ണം, തികഞ്ഞ പൂർണ്ണതയിലെത്തുക എന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യം. ദൈവത്തിനു മാത്രമേ അതിനു കഴിയൂ. അംഗീകരിച്ചിരിക്കുന്നതിനു വിപരീതമായി, ദൈവം പ്രവർത്തിക്കുന്നതു നുറുങ്ങിയവരിലും, നിസഹായരിലും, ബലഹീനരിലും മാത്രമാണ്. "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തെളിഞ്ഞുവരുന്നു" (2 കൊരിന്ത്യർ 12:9). എന്നിലുള്ള ദൈവം പൂർണ്ണനാണ്. എന്നിലുള്ള ക്രിസ്തു പൂർണ്ണനാണ്. എന്നിലുള്ള പരിശുദ്ധാത്മാവ് പൂർണ്ണനാണ്.

**************

# മനസാക്ഷി

## 1 കൊരിന്ത്യർ 8:7-13; 10:25-30

> "അതുകൊ്, എനിക്ക് ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസാക്ഷി എല്ലായ്പോഴും ഉായിരിപ്പാൻ ഞാൻ ശ്രമിക്കുന്നു" *(പ്രവൃത്തികൾ 24:16).*

ഏർലി സ്റ്റാൻലി ഗാർഡ്നെറിനോട്[1] ക്ഷമാപണത്തോടെ, ഞാൻ കരുതുന്നത് മനുഷ്യ മനസാക്ഷി എന്നത് "അവസാന സങ്കേതമായ കോടതിയാണ്" എന്നാണ്. മനസാക്ഷി എന്നാൽ ദൈവം മാറ്റമില്ലാത്ത ദൈവം ആണെന്നു മനുഷ്യരെ ഓർമ്മിപ്പിക്കുന്നതിനു ദൈവം അവനിൽ തന്നിരിക്കുന്നതാണ്. ധാർമ്മികമനുഷ്യന്റെ തേജസിന്റെ കിരീടമാണ് മനസാക്ഷി. മൃഗങ്ങൾക്ക് ജന്മവാസനയു്, പക്ഷെ അവയ്ക്ക് മനസാക്ഷിയില്ല. ഒരു നായ് നായ് തന്നെയാണ്. അവനു ഒരു പൂച്ചയാകുന്നതു തിരഞ്ഞെടുക്കുവാൻ സാധ്യമല്ല. മൃഗങ്ങൾ ധാർമ്മികരോ അധാർമ്മികരോ അല്ല - അവ തെറ്റും ശരിയും അറിയാൻ കഴിയാത്തവയാണ്. മനുഷ്യൻ ധാർമ്മികനാണ്. അവനു ഒരു മനസു്, അവനു തിരഞ്ഞെടുക്കാം. മനുഷ്യനു ഒരു "വിശുദ്ധനോ" ഒരു "പിശാചോ" ആകാം. എങ്ങനെയായാലും, ദൈവം മനുഷ്യനെ ഉപേക്ഷിച്ചിട്ടില്ല; പാപത്തെ കുറിച്ചുള്ള കുറ്റ-ബോധം ആ വ്യക്തിയിൽ ഉാക്കുന്നതും നന്മയെ പ്രോത്സാഹിപ്പിക്കുന്നതുമായ ഒരു രീതിയാണ് അവൻ സൃഷ്ടിച്ചിരിക്കുന്നത്. കുറ്റം ഒരു സ്നേഹിതനാണ്, അല്ലാതെ ശത്രുവല്ല. പ്രചാരത്തിലിരിക്കുന്ന മനഃശാസ്ത്ര വിശ്വാസത്തിനു വിപരീതമായി, രക്ഷയിലേക്കുള്ള ചുവടുവയ്പ്പിൽ കുറ്റബോധമായിരിക്കണം ആദ്യമായി വേത്. ക്രിസ്തുവിന്റെ രക്തത്തിനു മാത്രമെ നമ്മുടെ പാപവും കുറ്റവും കഴുകിക്കളയുവാൻ കഴിയൂ.

ദൈവത്തെയും, ബൈബിളിനെയും, വിശുദ്ധജീവിതത്തെയും പോലെ, മനസാക്ഷി വെറുമൊരു തമാശയും, നിറവേറ്റാത്ത ആവശ്യവുമായി തീർന്നിട്ടു്:

> "മനസാക്ഷി എന്നത് ഒരിക്കലും അവസാനിക്കാത്ത അമ്മായി-അമ്മയുടെ സന്ദർശനം പോലെയാണ്."

> "മനസാക്ഷി നിങ്ങളെകൊ് നിങ്ങളുടെ സഹോദരി പറയുന്നതിനു

മുൻപായി അമ്മയോടു പറയുവാനിടവരുത്തുന്നു."

"തണുത്ത കാലുകൾക്ക് ലഭിക്കേ ബഹുമതി ചിലപ്പോൾ മനസാക്ഷിക്ക് ലഭിക്കുന്നു."

മനസാക്ഷിയെ മറക്കുവാനോ തമാശയായി തരം താഴ്ത്തുവാനോ പാടില്ല. അടുത്ത കാലത്ത് സ്കൂളുകളിൽ നടന്ന ദുഃഖകരമായ കുറ്റകൃത്യങ്ങളിൽ, ഏതാണ് പ്രധാനമായും കാണാത്ത രു വാക്കുകൾ? *"പാപവും" "മനസാക്ഷിയും!"* നിരുൽസാഹം നേരിടുമ്പോൾ നാം കൈകൾ കൂട്ടി തിരുമ്മും! ബുദ്ധി വൈഭവത്തെ മിക്കവരും പരിഹസിച്ചാലും, "നല്ല-പ്രവൃത്തിക്കാർക്ക്" എല്ലാ വിധത്തിലുമുള്ള പരിഹാരങ്ങളു്. അപകടകരമായ ആയുധ നിയമങ്ങളും ലോഹപരിശോധനാ ഉപകരണങ്ങളും ഇന്നു സ്കൂളുകളിൽ കൂടുതലായി കക്കോം. അവയെല്ലാം "താല്ക്കാലിക-സഹായങ്ങൾ" ആണ്, അല്ലാതെ ശാശ്വത പരിഹാരമല്ല! സൂചനകളെ കാര്യമായെടുക്കുന്നു; വോട്ടുകൾ വിലക്കു വാങ്ങുന്നു; അക്രമങ്ങൾ തുടരുന്നു. "ശരിയെയും തെറ്റിനെയും" കുറിച്ചുള്ള ബോധവും (പാപത്തെ തിരിച്ചറിയൽ) മനസാക്ഷിയെ വളർ ത്തലും നമുക്കു ആവശ്യമായി തീരുന്നതുവരെ അത്തരം അക്രമങ്ങൾ കൂടുതൽ വർദ്ധിക്കുകയേയുള്ളൂ. ആ തത്വങ്ങൾ വീട്ടിൽ പഠിപ്പിക്കുന്നതല്ല, അതു സ്കൂൾ നിയമത്തിനു എതിരുമാണ്! അനവധി കാര്യങ്ങൾ എനിക്ക് അറിയില്ല, എന്നാൽ ര ് കാര്യങ്ങൾ എനിക്ക് അറിയാം: (1) സ്ക്കൂളിലെ "കുറ്റവാളികൾ" തെറ്റിൽ നിന്നും ശരിയെ പഠിച്ചിട്ടില്ലാത്തവരാണ്, (2) അവരിൽ ക്രിസ്തീയ മനസാക്ഷി വളർത്തിയെടുത്തിട്ടുമില്ല. ഓരോ കുട്ടിയിലും നല്ല മനസാക്ഷി ഉാക്കേ ചുമതല രക്ഷകർത്താക്കൾക്കും, സ്കൂളുകൾക്കും, പട്ടണങ്ങൾക്കും ആണുള്ളത് എന്നത് വ്യക്തമാണ് - എത്രയും വേഗം അതു ചെയ്യുന്നുവോ, അത്രയും നല്ലത്!

നാം "നമ്മുടെ ആത്മാക്കളെ മനശാസ്ത്ര സ്റ്റോറിൽ വില്ക്ക"പ്പെട്ടിരിക്കയാണ്. നാം വേദശാസ്ത്രത്താലല്ല, മനശാസ്ത്രത്താൽ നയിക്കപ്പെടുന്നു. പാപത്തിന്റെ യാഥാർത്ഥ്യത്തെ ശക്തമായി എതിർക്കുന്നതാണ് മനശാസ്ത്രം; മനശാസ്ത്രത്തിൽ മനസാക്ഷിക്കു ഒരു സ്ഥാനവുമില്ല. ജീവിതത്തിലെ നിർണ്ണായക ഘട്ടങ്ങളിലെല്ലാം മനശാസ്ത്രം പരാജയപ്പെടുന്നു. വിദ്യാഭ്യാസത്തിലും തത്വശാസ്ത്രത്തിലും മനശാസ്ത്രം മനസ്സിലാക്കാൻ സാധിക്കാത്ത ഒന്നാണ്. ധാർമ്മികതയുടെ സ്ഥാനത്ത് ഇപ്പോൾ ഉള്ളത് "മൂല്യങ്ങളാണ്." സാമൂഹികമായ മൂല്യങ്ങളും പരാജയപ്പെടുന്നു. നല്ല മനസാക്ഷിയോടെ നിങ്ങൾക്ക് മനസാക്ഷിയെ നിഷേധിക്കുവാൻ സാധ്യമല്ല! അത് അവിടെത്തന്നെ ഉ്! അതിനെ തള്ളിക്കളയാവുന്നതല്ല! മനുഷ്യനു വേ ദൈവത്തിന്റെ ഉപാ-ധികാരിയാണ് മനസാക്ഷി. മനസാക്ഷി കല്പനകൾ അവനിൽ നിന്നു മാത്രമേ സ്വീകരിക്കയുള്ളൂ. ദൈവം ഉ് എന്നതിന്റെ ശക്തമായ തെളിവാണ് മനസാക്ഷി! മനസാക്ഷി ഒന്നുകിൽ നമ്മുടെ ഏറ്റവും നല്ല മിത്രം അല്ലെങ്കിൽ ഏറ്റവും മോശമായ ശത്രു ആയി തീരും. മനസാക്ഷി മരിക്കു മ്പോൾ, പ്രത്യാശ നീങ്ങിപോകുന്നു. ശരീരത്തിൽനിന്നു ആഗ്രഹങ്ങൾ എന്തു ചെയ്യുന്നുവോ അതാണ് ആത്മാവിൽനിന്നു മനസാക്ഷി ചെയ്യുന്നത്. മനസാക്ഷിയുടെ സ്വാധീനം എന്നത് ജഡാഭിലാഷത്തിന്മേൽ ആത്മാവിന്റെ സ്വാധീനമാണ്. ദിവസേന ദൈവത്തോടുകൂടെയുള്ള നമ്മുടെ നടപ്പ് ഒരു "മനസാക്ഷി നടപ്പാണ്."

അതിനെ ഒരു വൃദ്ധനായ ഇന്ത്യക്കാരൻ നന്നായി പ്രകടിപ്പിച്ചു. അയാൾ പറഞ്ഞതു അയാളെ നിയന്ത്രിക്കുവാൻ, രു നായ്ക്കൾ അയാളുടെ ഉള്ളിൽ പോരാടുന്നു എന്നാണ്. അടുത്തു നിന്ന ഒരാൾ ചോദിച്ചു, "ആരാണ് ജയിക്കുക?" ആ വൃദ്ധനായ ഇന്ത്യക്കാരൻ മറുപടിയായി പറഞ്ഞു, "'പോയി അവനെ പിടിക്കുക' എന്നു, ഞാൻ പറയുന്നവൻ!"

**മനസാക്ഷി എന്തു ചെയ്യുന്നില്ല**

(1) മനസാക്ഷി എന്നത് പ്രമാണം, നിയമാവലി, അല്ലെങ്കിൽ നിലവാരം എന്നതല്ല. അവിടെ ആണ് നമ്മുടെ ഏറ്റവും വലിയ തെറ്റിദ്ധാരണയുള്ളത്. എന്താണ് ശരിയും തെറ്റും എന്ന് മനസാക്ഷി നമ്മോടു പറയുകയില്ല. മനസാക്ഷി ഒരു സഹായിയല്ല; അത് ഒരു പ്രോത്സാഹനമാണ്! മനസാക്ഷി നന്മയെ പ്രചോദിപ്പിക്കയും പാപം ചെയ്യുമ്പോൾ അതു നമ്മെ കാർന്നു തിന്നുകയും ചെയ്യും. ദാവീദ് പറഞ്ഞു, "എന്റെ പാപം എപ്പോഴും എന്റെ മുൻപിൽ ഇരിക്കുന്നു" (സങ്കീർത്തനങ്ങൾ 51:3). മനസാക്ഷി എന്നത് നമ്മിലുള്ള "കർത്തവ്യം" ആണ്. ശരി ചെയ്യണമെന്നു മനസാക്ഷി പറയും, എന്നാൽ എന്താണ് ശരിയായത് എന്നു മനസാക്ഷി പറയുകയില്ല. മാതൃകയായ – പ്രമാണവും, നിലവാരവും – ദൈവവചനം (ബൈബിൾ) ആണ്. മനസാക്ഷിയുടെ അംഗീകാരം പോലെ സന്തോഷിപ്പിക്കുന്ന മറ്റൊന്നില്ല; കുറ്റമുള്ള മനസാക്ഷിയേക്കാൾ എതിർപ്പു പ്രകടിപ്പിക്കുന്ന മറ്റൊന്നില്ല. നമ്മുടെ "ധാർമ്മിക പൊലീസുകാരൻ" മനസാക്ഷിയാണ്. "അതു തെറ്റായിരുന്നു!" എന്ന് തീർച്ചപ്പെടുത്തി, മനസാക്ഷി ഉറക്കെ പറയും, "അതിനെ സംബന്ധിച്ച് എന്തെങ്കിലും ചെയ്യുക!" മനസാക്ഷി ഒരു പ്രമാണമല്ല, അത് നിയമം ഉാക്കുന്നുമില്ല. എങ്ങനെയായാലും, മനസാക്ഷി നിയമത്തെ മുൻകരുതുകയും മനസിലാക്കുകയും ചെയ്യുന്നു. ഒരു നിയമം കെട്ടപ്പെട്ടിരിക്കുന്നതായി മനുഷ്യൻ തിരിച്ചറിയുമ്പോൾ, മനസാക്ഷി അതനുസരിച്ചു പ്രതികരിക്കും. മനസാക്ഷി ഒരു വസ്തുതയാണ്.

മനസാക്ഷിക്കു രു ഉത്തരവാദിത്വങ്ങൾ ഉള്ളത് – നീതിന്യായവും നിയമപരവുമായവയാണ്. അതിന്റെ നിയമപരമായ പങ്കിൽ, ഒരു പ്രവൃത്തിയുടെ നന്മയെയും തിന്മയെയും കുറിച്ചു മനസാക്ഷി തീരുമാനിക്കുന്നു. ഇതു നിയമത്തെയും, ജ്ഞാനത്തെയും, വിവേകത്തെയും അടിസ്ഥാനപ്പെടുത്തിയാണ്. നീതിന്യായ പങ്കിൽ, മനസാക്ഷി കുറ്റപ്പെടുത്തുകയോ കുറ്റവിമുക്തമാക്കുകയോ ചെയ്യും. അതിൽ നമ്മുടെ വികാരങ്ങളും ഉൾപ്പെടുന്നു. താൻ വ്യഭിചാരവും കുലയും നടത്തിയതുകൊ് ദാവീദിന്റെ ഹൃദയം (മനസാക്ഷി) അവനെ ഖണ്ഡിച്ചുകൊിരുന്നു (1 ശമുവേൽ 24:5; 2 ശമുവേൽ 11:14, 15; 12:9; 24:10). ശരിയായ മനോഭാവമുള്ള, ഒരു പുതിയ ശുദ്ധമായ ഹൃദയത്തിനു വേിയായിരുന്നു ദാവീദ് ദൈവത്തോടു കരഞ്ഞപേക്ഷിച്ചത് (സങ്കീർത്തനങ്ങൾ 51:10). മനസാക്ഷിക്ക് എതിരായി പ്രവർത്തിക്കുന്നത് എപ്പോഴും തെറ്റാണ് (റോമർ 14:23).

(2) മനസാക്ഷി എപ്പോഴും ഒരു സുരക്ഷിത സഹായി അല്ല. സഭക്കെതിരായി പൗലൊസ് കുഴപ്പങ്ങൾ ഉാക്കി; അവൻ ക്രിസ്തുവിനെ ഉപദ്രവിക്കുകയും സ്തെഫാനോസിനെ കല്ലെറിയുന്നതിൽ പങ്കുചേരുകയും ചെയ്തിരുന്നു. അതെല്ലാം അവൻ നല്ല മനസാക്ഷിയോടെയാണ് ചെയ്തത് (പ്രവൃത്തികൾ 23:1). നിങ്ങൾ നിങ്ങളുടെ മനസാക്ഷിയെ മാറ്റുന്നില്ല; പൗലൊസ് ഒരിക്കലും അവന്റേതുമാറ്റിയില്ല. നിങ്ങൾ നിങ്ങളുടെ വിവരവും, ജ്ഞാനവും, തീർച്ചയും

മാറ്റുന്നു. പൗലൊസ് നന്നായി മനസ്സിലാക്കിയപ്പോൾ, അവന്റെ മനസാക്ഷി അവനെ മാറ്റി. മനസ്സാക്ഷിക്ക് സത്യത്തെ അസത്യമാക്കുവാനോ, അസത്യത്തെ സത്യമാക്കുവാനോ കഴിയുകയില്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ, മനസാക്ഷിയെ വളരെ ഫലപ്രദമായ ഒരു സഹായിയാക്കുവാൻ കഴിയും. ആഴമുള്ള വിശ്വാസത്താൽ ചില അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ മുതലകൾക്കു എറിഞ്ഞുകൊടുത്തു – അത് എല്ലാം നല്ല മനസാക്ഷിയോടെ ആയിരുന്നു. മനസാക്ഷി രക്ഷിക്കുന്നില്ല – രക്ഷിക്കുവാൻ – കഴിയുകയുമില്ല. ശുദ്ധമായ ഒരു മനസാക്ഷി ശരിയാണെന്നതിനു ഉറപ്പു നൽകുന്നില്ല. ഒരാളുടെ മനസാക്ഷിക്ക് എതിരായി എപ്പോഴും പ്രവർത്തിക്കുന്നത് തെറ്റാകുമ്പോൾ, മനസാക്ഷിയെ പിൻപറ്റുന്നതും എപ്പോഴും ശരിയായിരിക്കയില്ല. നമ്മുടെ വിവരത്തിന്റെയും, തീർച്ചയുടെയും മാത്രം ശക്തിയിലാണ് മനസാക്ഷിയിരിക്കുന്നത്. തിരുവെഴുത്തും ബോധവും ഉപയോഗിച്ചു വേണം മനസാക്ഷിക്ക് നാം വിവരം നൽകുവാൻ. ദാവീദ് പാപം ചെയ്യാതിരിക്കേതിന് ദൈവത്തിന്റെ വചനം അവന്റെ ഹൃദയത്തിൽ സംഗ്രഹിച്ചു (സങ്കീർത്തനങ്ങൾ 119:11). അവനോടുചേർന്ന് നിങ്ങൾക്ക് ദൈവത്തിന്റെ കൽപനകൾ ലംഘിക്കുവാൻ കഴിയുകയില്ല.

ഞാൻ ഒരു പൈലറ്റ് ആണ്. വ്യോമയാന യാത്രക്ക് വിമാനത്തിൽ ദിശ അറിയുവാനുള്ള ഉപകരണം ഉപയോഗിക്കും, എന്നാൽ അതിനു പെട്ടെന്നു ചലിക്കുവാനും, മുൻപോട്ടു പോകുവാനും, അല്ലെങ്കിൽ പുറകിലേക്ക് പോകുവാനും സാധിക്കും. നിങ്ങൾ വിമാനം പറപ്പിക്കുന്നത് ഒരു ഡിജിയോടു കൂടിയാണ് (ദിശ അറിയിക്കുന്ന ഉപകരണം). വിമാനം ഒരേ ലവലിൽ പോകുമ്പോൾ അതിലെ കോമ്പസിനാൽ ഡിജിയെ നിങ്ങൾ ഘടിപ്പിക്കും. ഓരോ പതിനഞ്ചു മിനിട്ടിലും, നിങ്ങൾ ഡിജി കോമ്പസ്സുമായി ചേർന്നിരിക്കുന്നുവോ എന്നുറപ്പുവരുത്തും. അതേ പോലെ, നാം നമ്മുടെ മനസാക്ഷിയാൽ ജീവിക്കുന്നു; എങ്കിലും, ദിവസേന, മനസാക്ഷി ദൈവവചനവുമായിട്ടാണോ ചേർന്നിരിക്കുന്നത് എന്നുറപ്പു വരുത്തി പുനസ്ഥാപിക്കണം. മനസാക്ഷി ആവശ്യപ്പെടും, എന്നാൽ അത് നിർബ്ബന്ധിക്കുകയില്ല. നാം ക്ലോക്കിനാൽ നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തിയേക്കാം, എന്നാൽതന്നെയും ക്ലോക്കിനെ നിർണ്ണയിക്കുന്നത് സൂര്യനാലാണ്. നമ്മുടെ ഇഷ്ടത്തിന് മനസാക്ഷി മറുപടി നൽകുന്നില്ല.

(3) മനസാക്ഷി എന്നത് "മനുഷ്യനിലെ ദൈവത്തിന്റെ ശബ്ദമല്ല." ആ ശബ്ദം ബൈബിളാണ്. മനസാക്ഷി എന്നത് "മനുഷ്യനിലെ മനുഷ്യശബ്ദമാണ്." നാം അതിനോടു കൽപിക്കുന്നില്ല; അത് നമ്മോടു കൽപിക്കുന്നു. ഷേക്സ്പിയർ പറഞ്ഞു, "മനസാക്ഷി നമ്മെ എല്ലാം ഭീരുക്കളാക്കി തീർക്കുന്നു." നാം അതിനു കീഴ്പ്പെടുമ്പോഴും അതിനു മുകളിലാണ്. നിയമം എന്തായിരിക്കണമെന്ന് കോടതി പറയുവാൻ ധൈര്യപ്പെടുകയില്ല. അത് നിയമത്തിന്റെ പ്രവൃത്തിയാണ്. പിന്നെ കോടതി നിർണ്ണയിക്കുവാൻ ശ്രമിക്കുന്നത് നിയമം എന്തു പറയുന്നുവോ അതനുസരിച്ചു പ്രവർത്തിക്കുവാനാണ്. മനുഷ്യന്റെ ചിന്തിക്കുവാനുള്ള കഴിവ് നിയമത്തെ നിർണ്ണയിക്കുന്നു; മനുഷ്യന്റെ മനസാക്ഷി അതു ചെയ്യുവാൻ ശ്രമിക്കുന്നു. നിയമം ഇല്ലെങ്കിൽ കോടതി അശക്തമാണ്; കോടതി ഇല്ലെങ്കിൽ നിയമവും അശക്തമായി തീരും.

മനസാക്ഷിയോട് ബന്ധപ്പെടുന്നില്ലെങ്കിൽ, അസാമാന്യ മികവിനുള്ള ഏതൊരു അപേക്ഷയും, പാഴാകുന്നു. സാത്താനുപോലും ശരിയും തെറ്റും തമ്മിലുള്ള വ്യത്യാസം അറിയാം. മൂകനെന്ന് സാത്താനെ ആരും ഒരിക്കലും

കുറ്റപ്പെടുത്തിയിട്ടില്ല! “ഒരാളുടെ സ്വന്തപ്രവൃത്തിയുടെ സ്വഭാവം നിർണ്ണയിക്കുന്ന ആന്തരിക തത്വം, ശക്തി, അല്ലെങ്കിൽ കഴിവ്” എന്നതത്രേ മനസാക്ഷി. മനുഷ്യൻ തന്നോടുതന്നെ ധാർമ്മികമായി സംസാരിക്കുന്നതാണ് മനസാക്ഷി. അതുകൊു, ഒരു മനുഷ്യന്റെ മനസാക്ഷി മറ്റൊരാളുടെ ബോധ്യമനുസരിച്ച് പ്രതികരിക്കുകയില്ല, പിന്നെയോ അയാളുടെ സ്വന്തബോധ്യമനുസരിച്ചായിരിക്കും. ആ തത്വം അനുസരിച്ച് ജാതികൾക്ക് “അവർ തന്നെ ഒരു പ്രമാണമായിരുന്നു” (റോമർ 2:14). ആരും പിൻതുടരുന്നില്ലെങ്കിൽ ദുഷ്ടനോടി പോകും (സദൃശവാക്യങ്ങൾ 28:1). എല്ലാ ചിന്തയും ക്രിസ്തുവിലേക്ക് കൊുവരുവാനാണ് ക്രിസ്ത്യാനികളോട് കല്പിച്ചിരിക്കുന്നത് (2 കൊരിന്ത്യർ 10:5). മനുഷ്യന് ദൈവത്തോടുള്ള മനോഭാവത്തെ മനസാക്ഷി പ്രതിഫലിപ്പിക്കുകയും ദൈവത്തിന് അവനോടുള്ള മനോഭാവത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. വിധി നടത്തുന്നതിൽ മനസാക്ഷി നിബന്ധനയില്ലാത്തതാണ്. ഒരു കാരണം നൽകാതെ അത് വിധി നടപ്പിലാക്കുന്നു. മനസാക്ഷി അതിന്റെ വിധി പ്രസ്താവനയിൽ തികവുള്ളതാണ്. വിട്ടുവീഴ്ച്ചയോ വിലപേശലോ അവിടെ ഉാവാൻ പാടില്ല. മനസാക്ഷി വ്യക്തിപരമായാണ് വിധിക്കുന്നത്. മനസാക്ഷിയെ കൈക്കൂലിക്കു വിധേയമാക്കുവാൻ സാധ്യമല്ല. നിങ്ങളുടെ മനസാക്ഷിയെ ഒരിക്കലും ലംഘിക്കരുത്. എല്ലായ്പ്പോഴും ഓർമ്മിക്കുക: ക്രിസ്ത്യാനിയായ നിങ്ങൾ, ഒരിക്കലും നിങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്ന്-വിരമിക്കുന്നില്ല.

## മനസാക്ഷിയും തിരുവെഴുത്തുകളും

(1) പഴയ നിയമത്തിൽ “മനസാക്ഷി” എന്ന വാക്ക് അങ്ങനെ തന്നെ ഉപയോഗിച്ചിട്ടില്ല. എങ്ങനെയായാലും, അത്, “ഹൃദയം” എന്നു വിളിച്ചിരിക്കുന്നതിന്റെ ഭാഗമാണ്. മനസാക്ഷി നിമിത്തം യിസ്രായേലും, ദാവീദും, അന്യദേവന്മാരെ വണങ്ങിയിരുന്നവർ പോലും ദൈവത്തിനു മുൻപാകെ മാനസാന്തരപ്പെട്ടു. ആളുകൾ ഇന്ന് ഒന്നുകിൽ മനസാക്ഷിയെ നിഷേധിക്കുകയോ അല്ലെങ്കിൽ അവഗണിക്കുകയോ ചെയ്യുന്നു. നിങ്ങളുടെ പുതിയനിയമം വായിക്കുക. മനസാക്ഷിയെ സൂചിപ്പിക്കുന്ന അസംഖ്യം (മുപ്പത്തി-ഒന്ന്) പ്രസ്താവനകൾ കാണു മ്പോൾ നിങ്ങൾ അതിശയിച്ചുപോകും. എങ്ങനെയായാലും, ശരിയായ വാക്ക് സുവിശേഷങ്ങളിൽ ഒരു പ്രാവശ്യം മാത്രമേ കാണാൻ കഴിയൂ (യോഹന്നാൻ 8:9; കെജെവി). ആ വസ്തുതയും ഞെട്ടിക്കുന്നതാണ്. ആ പ്രത്യേക സന്ദർഭത്തിൽ “വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീ” ഉൾപ്പെടുന്നു. മനസാക്ഷി നിമിത്തം, കുറ്റാരോപകർ നിശബ്ദമായി യേശുവിന്റെ കൺമുൻപിൽ നിന്ന് അകന്നുപോയി. മലപ്രസംഗം വായിക്കുക - പ്രത്യേകിച്ച് മനോഗുണങ്ങൾ. യേശുവും മനോഗുണങ്ങളും ഒന്നുതന്നെ. മനോഗുണങ്ങൾ ആണ് യേശുവും, ആത്മീയതയും, മനസാക്ഷിയും.

മൂന്നു എഴുത്തുകാർ മാത്രമാണ് “മനസാക്ഷി” എന്ന വാക്ക് ബൈ ബിളിൽ ഉപയോഗിച്ചിട്ടുള്ളത്: യോഹന്നാൻ, പത്രൊസ്, പൗലൊസ്. പൗലൊസ് ആ വാക്ക് ഇരുപതു പ്രാവശ്യം ഉപയോഗിച്ചിട്ടു് (അതിൽ എട്ടു പ്രാവശ്യം മാംസം ഭക്ഷിക്കുന്നതുമായി ബന്ധപ്പെട്ടാണ്). 1 പത്രൊസ് 3:15-21 ലെ പത്രൊസിന്റെ വാക്കുകൾ നമ്മെ ആകർഷിക്കുന്നതാണ്. സുവിശേഷീകരണം മനസാക്ഷിയിൽ നിന്നാണ് വരുന്നത്. അതു സുവിശേഷപ്രവർത്തനത്തെ സുരക്ഷിതമാക്കും. സ്നാനം മനസാക്ഷിയുടെ പ്രവർത്തിയാണ്, അല്ലാതെ മനുഷ്യന്റെ യോഗ്യതാപ്രവർത്തിയല്ല. മനുഷ്യൻ തന്റെ രക്ഷയിൽ ഉറപ്പുള്ളവരാകു

വാൻ ദൈവം ആഗ്രഹിക്കുന്നു. സ്വപ്നങ്ങൾ, വികാരങ്ങൾ, "എന്റെ-വിചാരങ്ങൾ" എന്നിവയൊന്നും കണക്കാക്കുന്നില്ല. മനസാക്ഷി സ്നാനത്തെ ഉറപ്പിക്കുന്നു.

ഒരുപക്ഷെ ഏറ്റവും വലിയ ബൈബിൾ പ്രസ്താവന ആയിരിക്കാം എബ്രായർ 4:12-ൽ ഉള്ളത്: "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി, ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും, പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളെയും വേറുവിടുക്കുംവരെ തുളെച്ചുചെല്ലുന്നതും, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമാകുന്നു." മറ്റൊന്നിനും കഴിയാത്തതുപോലെ ബൈബിൾ ആത്മാവിനെ അടുത്തു പരിശോധിക്കുന്നു. നമ്മെ നമ്മോടും, നമ്മെ ദൈവത്തോടും, ദൈവത്തെ നമ്മോടും അടുപ്പിക്കുന്നതാണ് ദൈവവചനം.

ബൈബിൾ വെളിപ്പെടുത്തുന്നു:

... ഒരു ബലഹീന മനസാക്ഷി (1 കൊരിന്ത്യർ 8:7)
... ഒരു മലിനമായ മനസാക്ഷി (തീത്തോസ് 1:15)
... ഒരു ശുദ്ധ മനസാക്ഷി (1 തിമൊഥെയൊസ് 3:9)
... ഒരു നല്ല മനസാക്ഷി (എബ്രായർ 13:18)
... മനസാക്ഷിയിൽ ചൂടു വെച്ചവർ
(1 തിമൊഥെയൊസ് 4:1-3)
... സാക്ഷ്യപ്പെടുത്തുന്ന ഒരു മനസാക്ഷി (റോമർ 2:15)
... നമ്മുടെ മനസാക്ഷിയുടെ സാക്ഷ്യം
(2 കൊരിന്ത്യർ 1:12)

മനസാക്ഷിയെ ദൈവവചനത്താൽ നിലവാരമുള്ളതാക്കിതീർക്കണം എന്നതാണ് നമുക്ക് വ്യക്തമായി തീർച്ചപ്പെടുത്താവുന്നത്. ഇതിൽ ഓർത്തോഡോക്സിയും (പത്ഥ്യോപദേശം) ഓർത്തോപ്രോക്സിയും (വിശുദ്ധജീവിതം) ഉൾപ്പെടുന്നു.

### മനസാക്ഷി ദൃഢവിശ്വാസത്തിൽ

സത്യത്തെ നിഷേധിക്കുകയോ വിലകുറക്കുകയോ ചെയ്യുന്നത് ദൃഢവിശ്വാസം ഇല്ലാതാക്കുന്നതാണ്. സത്യം കാര്യമില്ലെങ്കിൽ, പിന്നെ ദൃഢവിശ്വാസം എന്തിന്? എന്തിനു എന്തെങ്കിലും കാര്യമാക്കണം? "സത്യം നിങ്ങൾ അറിയും, സത്യം നിങ്ങളെ സ്വതന്ത്രമാക്കും," എന്ന് യേശു യോഹന്നാൻ 8:32-ൽ പറഞ്ഞു. സുബോധമുള്ള ആരും ഈ "സത്യത്തിൽ" ഉൾപ്പെടുന്ന "സത്യത്തെ" നിഷേധിക്കുകയില്ല. ദൈവത്തെകുറിച്ചും, ആളുകളെകുറിച്ചും, ജീവിതത്തെ കുറിച്ചും ബൈബിൾ ആഴത്തിലുള്ള തെളിവുകൾ നൽകുന്നു്. നിങ്ങളുടെ വിശ്വാസത്തോടുകൂടെയാണ് നിങ്ങൾ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നത്. മനസാക്ഷിക്കു ഉറച്ച തെളിവുകൾ ഉള്ളതുകൊാണ് പ്രസ്താവനകൾ നൽകുന്നത്. തെളിവുകൾ സ്വഭാവത്തെ നിർണ്ണയിക്കുന്നു. ദൃഢവിശ്വാസം പ്രവർത്തികൾ ആവശ്യപ്പെടുകയും അതു ചെയ്യുവാൻ ആജ്ഞാപിക്കുകയും ചെയ്യുന്നു. "വിശ്വാസം, പ്രവൃത്തിയില്ലാത്തതായാൽ, സ്വതവേ നിർജീവമാകുന്നു" എന്നു യാക്കൊബ് 2:17 പറയുന്നു (വാ. 20, 26 കൂടെ നോക്കുക). ദൃഢവിശ്വാസത്താലാണ് ക്രിസ്ത്യാനികൾ ജീവിക്കുന്നത് - അല്ലാതെ "സുര

ക്ഷിതാവസ്ഥ" ഉള്ളതുകൊല്ല. ഇന്നു മതത്തെ സംബന്ധിച്ച് ചെയ്യുന്നതില ധികവും നിർണ്ണയിക്കുന്നത് "സുരക്ഷിതാവസ്ഥ" കണക്കിലെടുത്താണ്. മന സാക്ഷിയെ വിവരം നൽകി, പരിശീലിപ്പിക്കണം. മനസാക്ഷി, ശരീരത്തിന്റെയും ആത്മാവിന്റെയും മറ്റുള്ള ഓരോ കഴിവിനെ പോലെ, വ്യായാമത്താൽ വളർത്തി എടുക്കണം.

***വന്ന്, എന്നോടുകൂടെ നടക്കുക.***

---

കുറിപ്പു

[1]പെറി മേസെൻ മിസ്റ്ററി സ്റ്റോറീസിന്റെ എഴുത്തുകാരനായ, ഏർലി സ്റ്റാൻലി ഗാർഡ്നെർ, ദ കോർട്ട് ഓഫ് ലാസ്റ്റ് റിസോർട്ട് എന്ന പേരിൽ ഒരു സംഘടന ക ത്തിയത് തെറ്റായി കുറ്റംചുമത്തപ്പെട്ടവരെ രക്ഷിക്കുവാനാണ്.